ഇ.എം.(4) 27551/2016

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 07.05.2018.

**സർക്കുലർ നമ്പർ 28/2018.**

വിഷയം:- സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരേയും അപ്രൈസർമാരേയും സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 13.04.2005 ലെ 10/2005-ാം നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 20.02.2006 -ലെ 4/2006-ാം നമ്പർ സർക്കുലർ.
3. സർക്കാരിന്റെ 13.11.2009-ലെ സ.ഉ.(കൈ) നം. 189/2009/സഹ. നമ്പർ ഉത്തരവ്.
4. സർക്കാരിന്റെ 03.01.2012 -ലെ സ.ഉ.(കൈ) നം. 1/2012/സഹ നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 4.7.2012-ലെ സ.ഉ.(സാധാ) നം.360/2012/സഹ നമ്പർ ഉത്തരവ്.
6. സർക്കാരിന്റെ 15.07.2015 –ലെ സഹ.(കൈ)നം.87/2015/സഹ.നം ഉത്തരവ്
7. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (CITU) ന്റെ 03.05.2018 ലെ നിവേദനം.

-----

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരെ സ്ഥിരപ്പെടുത്തു ന്നതു സംബന്ധിച്ച് സൂചന (1) പ്രകാരവും ടി സ്ഥാപനങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരവും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സൂചന 3, 4, 5 എന്നിവ പ്രകാരം സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ വായ്പാ പിരിവുകാരുടേയും അപ്രൈസർമാരുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സൂചന (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ ദീർഘകാലമായി കമ്മിഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാർ, അപ്രൈസർമാർ എന്നിവരെ ഇനിയും സ്ഥിരപ്പെടുത്തുവാനുണ്ടെന്ന് സൂചന(7) പ്രകാരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശം നൽകുന്നു.

സംസ്ഥാന പ്രാഥമിക സഹകരണ സംഘങ്ങളിൽ കമ്മിഷൻ വ്യവസ്ഥയിൽ 14.07.2015 ന് മുമ്പ് നിയമിക്കപ്പെട്ടിട്ടുള്ളതും നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലാത്തതുമായ നിക്ഷേപ/വായ്പാ കളക്ഷൻ പിരിവുകാർ, അപ്രൈസർമാർ എന്നിവരിൽ നിലവിൽ സർവീസിൽ തുടരുന്നവരെ സൂചന (1) മുതൽ (5) വരെ നിർദ്ദേശങ്ങൾക്കുവിധേയമായി ജോയിന്റ് രജിസ്ട്രാർമാർ സംഘം ഭരണസമിതിയുടെ അംഗീകാരത്തിന്റേയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി നൽകാവുന്നതാണ്.

(ഒപ്പ്)
ഡോ.ഡി.സജിത്ത്ബാബു ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന)
2. അസിസ്റ്റന്റ് രജിസ്ട്രാർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ
3. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ
4. സി.പി.സെക്ഷൻ
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)